2027

# കേരള സർക്കാർ

## സംഗ്രഹം

ഊർജ്ജവകുപ്പ് - സൗരോർജ്ജ പവർ പ്ലാന്റുകളുടെ ഗുണമേന്മ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായുളള പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

ഊർജ്ജ (പി.എസ്) വകുപ്പ്

സ.ഉ (ആർ.റ്റി) 54/2014/ഊ.വ — തീയതി, തിരുവനന്തപുരം 17/02/2014

---

പരാമർശം:- (1) അനെർട്ട് ഡയറക്ടറുടെ 02/01/2014 ലെ 88/റ്റി.ഒ/അനെർട്ട്/2014 നമ്പർ കത്ത്.

## ഉത്തരവ്

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ ടെക്നിക്കൽ സ്പെസിഫിക്കേഷൻ പൂർണ്ണമാകാതെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാൽ ഡോക്യുമെന്റുകൾ ടെക്നിക്കൽ ഇവാല്യുവേഷൻ നടത്താൻ സാധിക്കാതെ ടെൻഡർ നടപടികൾ കാൻസൽ ചെയ്യേണ്ടി വരുന്നതായും എം.എൻ.ആർ.ഇ നിഷ്കർഷിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമല്ലാതെയും ലോഡിന് അനുപാതമല്ലാതെയും തണൽ ഇല്ലാത്ത സ്ഥലം മനസ്സിലാക്കാതെയും സൗരോർജ്ജപാനലുകൾ സ്ഥാപിക്കുന്നതിനാൽ സൗരോർജ്ജ പവർപ്ലാന്റിൽ നിന്നും ഉപയോഗിക്കുവാൻ സാധിക്കുന്ന വൈദ്യുതിയ്ക്ക് കുറവ് വരുന്നതായും അനെർട്ട് ഡയറക്ടർ പരാമർശം ഒന്നു പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. അനെർട്ട് ഡയറക്ടറുടെ മേൽ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. സോളാർ പവർപ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ താഴെപറയുന്ന നിർദ്ദേശങ്ങൾ എല്ലാ സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കണമെന്ന് ഉത്തരവാകുന്നു.

1. സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ അനെർട്ടിന്റെയും എം.എൻ.ആർ.ഇ യുടെയും സ്പെസിഫിക്കേഷൻ പ്രകാരമേ ആയവ സ്ഥാപിക്കുവാൻ പാടുളളൂ.
2. ടെക്നിക്കൽ സ്പെസിഫിക്കേഷൻ ഇല്ലാതെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ വിളിക്കുവാൻ പാടില്ല.

3. ടെക്നിക്കൽ സ്പെസിഫിക്കേഷൻ, ഫുൾ ടെൻഡർ ഡോക്യുമെന്റ് എന്നിവ തയ്യാറാക്കി നൽകുന്നതിനും ടെൻഡർ ഇവാല്യുവേഷൻ, വർക് സൂപ്പർവിഷൻ എന്നിവ അനെർട്ടിന്റെ മേൽനോട്ടത്തിൽ നടത്തുന്നതിനും ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾക്ക് ടോട്ടൽ പ്രോജക്ട് കോസ്റ്റിന്റെ 6% അനെർട്ടിൽ അടച്ച് ആയത് പ്രയോജനപ്പെടുത്താവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ജെ. ആന്റണി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, അനെർട്ട്, തിരുവനന്തപുരം
എല്ലാ വകുപ്പുകൾക്കും / വകുപ്പു തലവന്മാർക്കും
ഐ & പി.ആർ(വെബ് & ന്യൂമീഡിയ) വകുപ്പ് (പബ്ലിസിറ്റിയ്ക്ക്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ